ലിറ്റിൽ കൈറ്റ്സ്

ജി എച്ച് എസ് എസ് കൊടുവള്ളി

മാസാന്ത്യ വാർത്താപത്രിക

സെപ് തംബർ
2022

എഡിറ്റർ :ഫാത്തിമ ഫർഹാന ചീഫ് എഡിറ്റർ :സിയ കെ സില്വ ജാസ് മുഹമ്മദ് അസ്ലാദ് മുഹമ്മദ് ആദിൽ അദ്നാൻ വി പി

നേട്ടങ്ങളിലൂടെ.....

പി.എൻ.സി. മെറ്റ് ലൈഫ് ജൂനിയർ കേരള ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം ലഭിച്ച മുഹമ്മദ് നസ് മി

സി എച്ച് മുഹമ്മദ് കോയ പ്രതിഭാ ക്വിസ് മൽസരത്തിൽ സബ് ജില്ലാ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മുഹമ്മദ് സഹൽ

ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ നടന്ന ചിത്രരചന മത്സരത്തിൽ വിജയികളായ ആഷിക കെ എസ്,ഫിദ പീ, മുഹമ്മദ് ഹാദി

സബ് ജില്ലാ വോളിബോൾ മൽസരത്തിൽ പങ്കെടുത്ത സ്കൂൾടീം

ഓണാഘോഷം ഗംഭീരം

കൊടുവള്ളി:-കൊറോണ കാലത്തെ ആഘോഷരഹിത നാളുകൾക്ക് ശേഷം സജീവ മായിക്കൊണ്ടിരിക്കുന്ന സ്കൂൾ കാമ്പസിന് ' ഉണർവ്വുണ്ടാക്കാൻ ഈ വർഷത്തെ ഓണാഘോഷ പരിപാടിക്ക് (ശ്രാവണം 2022) കഴിഞ്ഞു. സ്കൂളിലെ മുഴുവൻ കുട്ടികളും വിവിധ പ്രോഗ്രാമുകളുടെ ഭാഗമായി.പൂക്കള മൽസരം മാവേലിയുടെ വരവേൽപ്പ് ,ഓണസദ്യ, കുട്ടികളുടെ വിവിധ കലാപരിപാടികൾ എന്നിവ നടന്നു. ഓണസദ്യക്കാവശ്യമായ വിഭവങ്ങൾ കുട്ടികളുടെ സഹായത്തോടെ ശേഖരിച്ച എല്ലാ കുട്ടികളുടെയും പങ്കാളിത്തം കൊണ്ടും രക്ഷിതാക്കളുടെ കൂട്ടായ പരിണമം കൊണ്ടും ഓണാഘോഷം ശ്രദ്ധേയമായി.

അധ്യാപക ദിനത്തിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ സ്കൂളിലെ അധ്യാപകർക്ക് മൊമന്റോ നൽകിയപ്പോൾ

റോബോട്ടിക്സ് പഠിക്കാൻ ഗിഫ്റ്റഡ് ചിൽഡ്രൻ കൂട്ടുകാർ അടൽ ടിങ്കറിങ് ലാബിലെത്തി

കൊടുവള്ളി: താമരശ്ശേരി വിദ്യാഭ്യാസ ജില്ല പ്രതിഭാ പോഷണ പരിപാടിയായ ഗിഫ്റ്റഡ് ചിൽഡ്രൻ ഗ്രൂപ്പിന്റെ അംഗങ്ങൾ റോബോട്ടുകളുടെ നിർമ്മാണവും പ്രവർത്തനവും പഠിക്കുന്നതിനായി കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ അടൽ ടിങ്കറിങ് ലാബിൽ പ്രായോഗിക പരിശീലനം നേടി. ബേസിക് ഇലക്ട്രോണിക്സ്, മൈക്രോ കൺട്രോളർ, റോബോട്ടിക്സ് അസം ബ്ലിംഗ്, റോബോട്ടിക്സ് പ്രോഗ്രാമിങ് എന്നീ വിഭാഗങ്ങളിലായാണ് പരിശീലനം നേടിയത്.ലെഗോ റോബോട്ടിക്സ് കിറ്റ് ഉപയോഗിച്ചാണ് റോബോട്ട് നിർമ്മാണം. തടസ്സങ്ങൾ മറികടന്ന് മുന്നേറുന്ന റോബോട്ടുകളെയാണ് നിർമ്മിച്ചത്. നിത്യജീവിതത്തിൽ പരിചിതമായ വിവിധ സ്വയം പ്രവർത്തന ഉപകരണങ്ങളുടെ രഹസ്യം ഗ്രഹിക്കാൻ അവസരം ലഭിച്ചത് വിദ്യാർഥികൾക്ക് കൗതുകമായി.

എസ് പി സി അവധിക്കാല ക്യാമ്പ് നടത്തി

കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ SPC കേഡറ്റുകൾക്കുള്ള ഓാണാവധി ക്യാമ്പ് ' ചിരാത് 22' നടന്നു.. സെപ്റ്റംബർ 3,4 & 6 തീയതികളിലായി നടന്ന ക്യാമ്പ് കൊടുവള്ളി മുനിസിപ്പൽ വൈസ് ചെയർ പേഴ്സൺ സുഷിനി ഉത്ഘാടനം ചെയ്തു. ഹെഡ് മിസ്ട്രസ് ഗീത പി സ്വാഗതം പറഞ്ഞ ചടങ്ങിൽ സ്കൂൾ പി. ടി. എ. പ്രസിഡന്റും SPC ഗാർഡിയൻ പ്രസിഡന്റുമായ മുഹമ്മദ് കണ്ടങ്ങര അദ്ധ്യക്ഷത വഹിച്ചു. കൊടുവള്ളി SHO ചന്ദ്രമോഹൻ.പി മുഖ്യാതിഥിയായിരുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അനിൽകുമാർ, വാർഡ് കൌൺസിലർ ഹസ്നത്ത് ബഷീർ, വടകര ADNO സതീഷ്, സ്റ്റാഫ് സെക്രട്ടറി രമേശൻ. പി, SPC പി. ടി. എ അംഗങ്ങളായ അബ്ദുൽ റഷീദ്. ആർ. വി, കെ. ടി. സുനി, ജബ്ബാർ, ക്യാമ്പിൽ കുട്ടികൾക്കായി യോഗ പരിശീലനം,മാർഷ്യൽ ആർട്സ്, ബ്രെയിൻ സ്റ്റോമിങ്ങ്, കൾച്ചറൽ പ്രോഗ്രാം എന്നിങ്ങനെ വിവിധ പരിപാടികൾ ഉണ്ടായിരിന്നു

സെപ് തംബർ മാസത്തിലൂടെ.....

സംപ്തംബർ 2 ഓണാഘോഷ പരിപാടികൾ, പൂക്കളമത്സരം, ഓണപ്പാട്ടുകൾ, ഓണ സദ്യ എന്നിവ നടന്നു.സ്കൂൾ കലോൽസവ ലോഗോ പ്രകാശനം പ്രിൻസിപ്പാൾ ബഷീർ സാർ നിർവ്വഹിച്ചു.ഓണാവധിക്കാലം തുടങ്ങി.

സംപ്തംബർ 3 താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ ഗിഫ്റ്റഡ് വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ് , ഇലക്ട്രോണിക്സ്, ത്രിഡി പ്രിന്റിങ്ങ് എന്നിവയിൽ ഏകദിന ശില്പശാല നടന്നു. എസ് പി സിയുടെ ഓണാവധിക്കാലത്തെ സഹവാസ ക്യാമ്പ് ആരംഭിച്ചു

സെപ്റ്റംബർ 5 അധ്യാപക ദിനാഘോഷത്തിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ സ്കൂളിലെ എല്ലാ അധ്യാപകരെയും മൊമന്റോ നൽകി ആദരിച്ചു.എസ്.പി.സി വിദ്യാർത്ഥികളുടെ പഠന യാത്ര വയനാട്ടിലേക്ക് നടത്തി

സംപ്തംബർ 6. എസ്. പി.സി ക്യാമ്പിന്റെ ഭാഗമായി റാലി നടത്തി.

മുൻ കായിക അധ്യാപിക വിലാസിനി ടീച്ചറെ ആദരിച്ചു.

സംപ്തംബർ . 12. ഓണാവധി കഴിഞ്ഞ് സ്കൂൾ തുറന്നു അധ്യാപകർ വിദ്യാർത്ഥികൾക്ക് പരീക്ഷ പേപ്പർ കൊടുത്തു

സംപതംബർ 14 ഹിന്ദി ദിനാചരണത്തിന്റെ ഭാഗമായി ഹിന്ദി സാഹിത്യ പ്രശ്നോത്തരി നടന്നു.

സംപ്തംബർ 17 എപ്ലസ് ഗ്രൂപ്പിലെ വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി.

എ ഇ ഒ തലത്തിൽ നടന്ന ന്യൂ മാത്. സ് പരീക്ഷയിൽ പത്ത് വിദ്യാർത്ഥികൾ പങ്കെടുത്തു. ഇവരിൽ ഏഴ് പേർ വിജയികളായി. സ്കൂളിന് ഓവറോൾ ചാമ്പ്യൻഷിപ് ലഭിച്ചു.

സപ്തംബർ 19. എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ് സ് വിദ്യാർത്ഥികൾക്ക് പ്രിലിമിനറി ക്യാമ്പ് നടന്നു

ഓസോൺ ദിന ക്വിസ് മത്സരവും പോസ്റ്റർ രചനാ മത്സരവും നടന്നു.

സപ്തംബർ 20, എസ്. പി.സി വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ മീറ്റിങ്ങ് നടന്നു.പത്താം ക്ലാസി പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ മൂന്ന് വിദ്യാർത്ഥികൾക്ക് എച്ച്. എം. സമ്മാനദാനം നടത്തി.ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങളിലെ മികച്ച എ.ടി. ൽ പ്രവർത്തനങ്ങൾക്ക് കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 5 സ്കൂളുകളിൽ ഒന്നാവാനുള്ള ഭാഗ്യം ജി.എച്ച്.എസ്. എസ്. കൊടുവള്ളിക്ക് ലഭിച്ചു.

സപ്തംബർ 21. ആറാം ക്ലാസിൽ പഠിക്കുന്ന മുഹമ്മദ് നസ്മിയ്ക്ക് പി.എൻ.സി. മെറ്റ് ലൈഫ് ജൂനിയർ കേരള ഓപ്പൺ ബാഡ്മിന്റെ ൺ ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം ലഭിച്ചു.

സംപ്തംബർ 22.. കലോൽസവ സ്റ്റേജ് മത്സരങ്ങൾ തുടങ്ങി. എച്ച് എസ് യു പി മലയാളം പ്രസംഗ മത്സരം നടന്നു.ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്രിമെട്രിക്ക് റിന്യൂവൽ ക്യാമ്പ് ആരംഭിച്ചു. പത്താം ക്ലാസ്സിന്റെ പി.ടി.എ മീറ്റിങ്ങ് നടന്നു 'ലിറ്റിൽ കൈറ്റ് സ് വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ മീറ്റിങ്ങ് നടന്നു.

സംപ്തംബർ 23 ഹർത്താൽ കാരണം ഒൻപതാം ക്ലാസിന്റെ ക്ലാസ് പിടി എ മാറ്റി വെച്ചു.

സപ്തംബർ 24. 5 മുതൽ 9 വരെ ക്ലാസുകളുടെ പിടി എ നടന്നു.ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സിന്റെ ഓൺലൈൻ ഓറിയന്റേഷൻ വർക്ക് ഷോപ് നടന്നു.

സപ്തംബർ 26. സ്കൂൾ കലോത്സവത്തിന്റെ ഗ്രൂപ് പരിപാടികളുടെ റിഹേഴ്സൽ നടത്തുന്നതിനു വേണ്ടി 3 മണി മുതൽ 5 മണി വരെ സമയം നൽകിത്തുടങ്ങി..സ്റ്റാഫ് മീറ്റിങ്ങ് നടന്നു..ലഹരി വിമുക്ത കേരളത്തിന്റെ ഭാഗമായി നടത്തിയ ആർ പി മാർക്കുള്ള ക്ലാസിൽ അധ്യാപകർ പങ്കെടുത്തു

സംപ്തംബർ 27. സ്കൂൾ ഗണിതശാസ്ത്ര മേള സ്കൂൾ ഡൈനിംഗ് റൂമിൽ വെച്ച് നടന്നു..എച്ച്. എം ഉദ്ഘാടനം ചെയ്തു.കലോൽസവത്തിന്റെ ഭാഗമായി ഇംഗ്ലീഷ് പദ്യം ചൊല്ലൽ നടന്നു..എട്ട്, ഒൻപത് ക്ലാസുകളിലേക്കുള്ള ശ്രദ്ധ മീറ്റിങ്ങ് നടന്നു..8 C യിലെ മുഹമ്മദ് സഹൽ സി. എച്ച് പ്രതിഭാ ക്വിസ് സബ് ജില്ലാ തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

സംപ്തംബർ 27 അറബിക്ക് പദ്യം ചൊല്ലൽ മത്സരം നടന്നു.

പ്രിമെട്രിക്ക് റിന്യൂവൽ ക്യാമ്പ് തുടരുന്നു.ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ നടന്ന ചിത്രരചന മത്സരത്തിൽ വിജയികളായ വിദ്യാർത്ഥികൾക്ക് ട്രോഫി ലഭിച്ചു.

സംപ്തംബർ 28. അറബിക്ക് കലാമേളയുടെ ഭാഗമായി വിവിധ മത്സരങ്ങൾ നടന്നു .വിദ്യാർത്ഥികൾ പേവിഷബാധയ്ക്ക് എതിരെയുള്ള പ്രതിജ്ഞ എടുത്തു. വൈ ഐ പി പരിശീലനത്തിൽ ലിറ്റിൽ കൈറ്റ് സ് മിസ്ട്രസുമാർ പങ്കെടുത്തു

സംപ്തംബർ 30 ലഹരി വിമുക്ത ക്യാമ്പയിൻ അധ്യാപക പരിശീലനം താമരശ്ശേരി എക്സൈസ് വകുപ്പിലെ എസ് ആർ പി പ്രസാദ് കെ നിർവഹിച്ചു എസ് എസ്എൽ സി വിദ്യാർത്ഥികളുടെ നൈറ്റ് ക്യാമ്പ് തുടങ്ങി

കലോൽസവ ലോഗോ (മൽഹാർ) പ്രകാശന ചടങ്ങ്



എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ് സ് വിദ്യാർത്ഥികൾക്ക് പ്രിലിമിനറി ക്യാമ്പ് ഉദ്ഘാടനം

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ പ്രിമെട്രിക്ക് റിന്യൂവൽ ക്യാമ്പ്

എസ്എസ് ക്ലബ്ബ് ഉദ്ഘാടനം

നൈറ്റ് ക്യാമ്പ് ഉദ്ഘാടനം

ലഹരി വിരുദ്ധ ക്യാമ്പയിൻ ഉദ്ഘാടനം

ഗണിത മേള

പ്രവൃത്തി പരിചയ മേള

പൂക്കള മൽസര വിജയികൾ

5 C

6 F

7D

10 A

9 C

8A